H1/E504373/2023/E

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്
എറണാകുളം തീയതി, 09/06/2023
ഫോൺ: 0484-2422246
ഇ മെയിൽ: kl07.mvd@kerala.gov.in

പ്രേഷകൻ

ഷേർളി ബി
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്,റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്
എറണാകുളം

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ട്രാൻസ്പോർട്ട് കമീഷണറേറ്റ്
തിരുവനന്തപുരം

സർ

വിഷയം:- മോട്ടോർ വാഹന വകുപ്പ്- വിവരാവകാശ നിയമം 2005-അപേക്ഷ കൈമാറുന്നത് –സംബന്ധിച്ച്.

സൂചന:- 08/06/2023 തീയതിയിൽ ഈ കാര്യാലയത്തിൽ ശ്രീമതി വൃന്ദ കെ വി, മകം, കണ്ടിയൂർ, തട്ടാരമ്പലം. പി ഒ, മാവേലിക്കര എന്ന വ്യക്തി സമർപ്പിച്ച വിവരാവകാശ അപേക്ഷ

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. സൂചന പ്രകാരം ലഭിച്ച വിവരാവകാശ അപേക്ഷയിൽ ചോദ്യം **3,4,5,6,7,8,9** എന്നിവയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അങ്ങയുടെ കാര്യാലയവുമായി ബന്ധപ്പെട്ടതായതിനാൽ ആയവ അപേക്ഷകനു നേരിട്ടു ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം ഇതിനാൽ അയച്ചു തന്നു കൊള്ളുന്നു.

വിശ്വസ്തതയോടെ

ഷേർളി ബി 9/06/23

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, എറണാകുളം

REGIONAL TRANSPORT OFFICE
ERNAKULAM




<u>വിവരാവകാശ നിയമം 2005</u>

പ്രേഷകൻ

വൃന്ദ കെ വി
മകം,
കണ്ടിയൂർ,
തട്ടാരമ്പലം പി.ഒ
മാവേലിക്കര
690103

സ്വീകർത്താവ്

Public Information Officer
Regional Transport Office
2nd Floor, Civil Station,
Kakkanad,
Thrikakkara PO, 682030

സർ,

വിഷയം : വിവരാവകാശ നിയമം 2005 – പ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം 2005 പ്രകാരം മറുപടി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു .

1. അങ്ങയുടെ കാര്യാലയത്തിലും, അങ്ങയുടെ കാര്യാലയത്തിന്റെ പരിധിയിലുള്ള വിവിധ കാര്യാലയങ്ങളിലുമായി അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് ആർ.ടി.ഒ, ആർ.ടി.ഒ, എന്നി തസ്തികകളിലെ SANCTIONED STRENGTH, EXISTING STRENGTH, VACANCY എത്രയാണ് എന്നത് പട്ടിക തിരിച്ച് വ്യക്തമാക്കുക.

2. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് ആർ.ടി.ഒ, ആർ.ടി.ഒ, എന്നി തസ്തികകളിൽ 31.05.2023–ൽ ഉണ്ടായ വിരമിക്കൽ മൂലം എത്ര ഒഴിവുകൾ സൃഷ്ടിച്ചു എന്ന് പട്ടിക തിരിച്ച് വ്യക്തമാക്കുക.

3. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ ഉള്ള **(01.06.2023 പ്രാബല്യത്തിൽ)** ഒഴിവുകളിൽ കേരളാ പി.എസ്.സി–യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണ്, പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്ത കത്ത്/ഫയൽ നമ്പർ കൂടി ലഭ്യമാക്കുക.

4. 15.12.2022–ാം തീയതിയമ്മശേഷം കേരളാ പി.എസ്.സി–യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണ് എന്ന് വ്യക്തമാക്കുക.

5. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ കേരളാ പി.എസ്.സി–യിൽ റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക.

6. 01.06.2023 പ്രാബല്യത്തിൽ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ ഉള്ള ഒഴിവുകളിൽ കേരളാ പി.എസ്.സി വഴി നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകൾ എത്രയാണ് എന്ന് വ്യക്തമാക്കുക.

7. നിലവിൽ ഉള്ള ജീവനക്കാരുടെ വിവരങ്ങൾ പ്രകാരം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ വിരമിക്കൽ മൂലം 2023 ജൂൺ മുതൽ 2026 മെയ് വരെ ഉണ്ടാവാൻ സാധ്യതയുള്ള ഒഴിവുകളുടെ എണ്ണം പട്ടിക തിരിച്ച്, ഓരോ മാസം അടിസ്ഥാനത്തിൽ വ്യക്തമാക്കുക.

8. 01.06.2023 മുതൽ 31.05.2026 വരെയുള്ള കാലയളവിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിന്നും ജോയിന്റ് ആർ.ടി.ഒ തസ്തികളിലേക്കും, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിന്നും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികളിലേക്കും സ്ഥാനക്കയറ്റം ലഭിക്കുക വഴി ഉണ്ടാവാൻ സാധ്യതയുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുക.

9. സേഫ് കേരളാ പദ്ധതിയുടെ ഭാഗമായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിലേയും, കണ്ട്രോൾ റൂമുകളിലെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുക.

വിശ്വസ്തതയോടെ

സ്ഥലം : മാവേലിക്കര

തീയതി : 05.06.2023